കാസർഗോഡ് ജില്ലയിലെ മരാമത്ത് പ്രവൃത്തികൾ

242 (1970) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ തുടങ്ങി പൂർത്തീകരിച്ചുവെന്നും അവ ഏതെല്ലാമാണെന്നും മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും ടെണ്ടർ ചെയ്ത പ്രവൃത്തികൾ പൂർത്തീകരിക്കുമ്പോൾ എന്ത് തുക ചെലവാകുമെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര പാലങ്ങളുടെയും കെട്ടിടങ്ങളുടെയും റോഡുകളുടെയും പണി ആരംഭിച്ചു ; എത്രയെണ്ണം പൂർത്തീകരിച്ചു ;

(ഡി) ഭരണാനുമതി നൽകിയതിൽ എത്ര എണ്ണം പൂർത്തീകരിക്കാൻ ബാക്കിയുണ്ട് ; അവ ഏതെല്ലാം ;

(ഇ) ഓരോന്നിനും എന്ത് തുക ചെലവാകും ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) എന്നത്തേക്ക് പണി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-എഫ്) കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്ന 41 കി.മീ. ദൈർഘ്യമുള്ള ചെർക്കള-ജെൽസൂർ റോഡ് കെ.എസ്.ടി.പി. റീസർഫസിംഗ് നടത്തിയിട്ടുണ്ട്. ഇതിന് 6.51 കോടി രൂപ ചിലവായി. ദേശീയപാത/കെട്ടിടം/നിരത്തുകളും പാലങ്ങളും വിഭാഗം നടത്തിയ പ്രവർത്തികളുടെ വിവരം ശേഖരിച്ചുവരുന്നു.

ഏറ്റെടുക്കാൻ തീരുമാനിച്ച റോഡുകൾ

243 (1971) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഒ.ഡി.ആർ. റോഡുകളും, 5 മീറ്ററിനുമേൽ വീതിയുമുള്ള റോഡുകളും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 14-8-2009-ലെ സ.ഉ(എം)എസ്.) നമ്പർ 52/09/പൊ.മ.വ. പ്രകാരം സംസ്ഥാനത്തെ 7385 കി.മീ. റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി മേജർ ഡിസ്ട്രിക്സ് റോഡുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചതിനാൽ പുതിയ റോഡുകളൊന്നും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ഹരിപ്പാട് കോടതി സമുച്ചയത്തിന്റെ നിർമ്മാണം

244 (1972) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ഹരിപ്പാട് കോടതി സമുച്ചയ നിർമ്മാണത്തിന്റെ നിലവിലുള്ള പുരോഗതി വിശദീകരിക്കുമോ ;

(ബി) ഹരിപ്പാട് കോടതി സമുച്ചയത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആരാണ് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഇ) എങ്കിൽ തടസ്സമെന്താണെന്ന് വിശദീകരിക്കുമോ ;

(എഫ്) തടസ്സങ്ങൾ നീക്കി എത്ര ദിവസത്തിനകം പ്രസ്തുത പ്രവൃത്തി ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 4-2-2011-ൽ ഈ പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിക്കുകയും ഏക കരാറുകാരനായ ശ്രീ. ജെ. അബ്ദുൾവാഹീദ് പ്രീ-ക്വാളിഫൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി-എഫ്) 22-2-2011-ൽ ഫിനാൻഷ്യൽ ബിഡ് തുറക്കുന്നതും ആയതിന്റെ അംഗീകാരത്തിന് വിധേയമായി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ

245 (1973) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly